(ബി) താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയായി :

1. കടപ്രയിലെ കിണറും പമ്പ്ഹൗസും
2. റോ വാട്ടർ പമ്പ് സെറ്റ്
3. ട്രാൻസ്ഫോർമർ
4. റോ വാട്ടർ പമ്പിംഗ് മെയിൻ ഒന്നാം റീച്ച് (98%)
5. ജലശുദ്ധീകരണശാല
6. ജലശുദ്ധീകരണശാല മുതൽ കാക്കാഴം വരെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
7. എട്ട് പഞ്ചായത്തുകളിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ
8. എട്ട് പഞ്ചായത്തുകളിലെ വിതരണ ശൃംഖലയിൽ പുറക്കാട് പഞ്ചായത്തിലെ തൈച്ചിറ സോണും മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ ചെട്ടികാട്ടുസോണും ഒഴികെ ബാക്കി ഒൻപതു പാക്കേജ് പൂർത്തിയായി.

(സി) ചില സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭിക്കാനുണ്ട്. പൈപ്പ് ലൈനുകൾ ഇട്ടതിനുശേഷം റോഡ് പുനർനിർമ്മാണം നടത്താത്ത ഇടങ്ങളിൽ പ്രദേശവാസികളുടെ എതിർപ്പ് നിലവിലുണ്ട്.

(ഡി) റോ വാട്ടർ പമ്പിംഗ് മെയിൻ റീച്ച് 2-3 ഇവയുടെ 35% മാത്രമേ പൂർത്തിയായിട്ടുള്ളൂ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പാക്കേജ് 3(B) കാക്കാഴം മുതൽ വലിയകുളം വരെ 92% പൂർത്തിയായി. ബാക്കി പൂർത്തിയാക്കാനുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പാക്കേജ് 3(C), 3(D), ആലപ്പുഴ മുനിസിപ്പൽ പ്രദേശം യഥാക്രമം 95 ശതമാനവും 80 ശതമാനവും പൂർത്തിയായിട്ടുണ്ട്. ബാക്കി പൂർത്തിയാക്കാനുണ്ട്.

പട്ടണം ജപ്പാൻ കുടിവെള്ള പദ്ധതി

163 (855) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടണം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന് 28-8-2014-ന് 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) രണ്ടാംഘട്ട വിപുലീകരണത്തിന് ജൈക്കയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പട്ടവും ജപ്പാൻ കടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തിന് ജൈക്കയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ആയത് ലഭിച്ചാലുടൻ ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ജലവിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികളിലെ വീഴ്ച

164 (856) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേടുപാടുകൾ സംഭവിച്ച വാട്ടർ അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ യഥാസമയം മാറ്റുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ ഗുരുതരമായ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചില ഡിവിഷനുകളിൽ മെയിന്റനൻസ് ജോലി ചെയ്തുവരുന്ന കരാറുകാർ കുടിശ്ശിക ലഭിക്കാത്തതിനാൽ സമരത്തിലായിരുന്ന കാലഘട്ടത്തിൽ അറ്റകുറ്റ പണികൾക്ക് കാലതാമസം നേരിട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly